(സി) ഈ പദ്ധതിയുടെ പണി നാളിതുവരെയായി എത്ര ശതമാനം പൂർത്തിയായി;

(ഡി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വനഭൂമി മുഴുവനായും വിട്ടു കിട്ടിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിനുവരുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായുള്ള കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ പ്രോജക്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ട് 22 വർഷമായി.

(സി) ഈ പദ്ധതിയുടെ മെയിൻ കനാലുകളുടെ 25.5%-വും ലോലെവൽ കനാലുകളുടെ 29.13%-വും പണി പൂർത്തിയായിട്ടുണ്ട്.

(ഡി, ഇ) ഇല്ല. ഈ പദ്ധതിക്കുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിലേക്കായി ജലവിഭവ വകുപ്പ് വനം വകുപ്പിന് നൽകേണ്ടിയിരുന്ന 1,20,81,000 രൂപ കൊടുക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് വനഭൂമി മുഴുവനായും വിട്ടുകിട്ടാൻ വൈകിയത്. എന്നാൽ 30-3-2003-ലെ സർക്കാർ ഉത്തരവ് (ആർ. റ്റി.) 3393/2003/ഫിൻ പ്രകാരം ഇടമലയാർ പദ്ധതിക്കുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിന് ജലവിഭവ വകുപ്പ് വനംവകുപ്പിന് നൽകേണ്ട തുകയ്ക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനം വകുപ്പിൽ നിന്ന് വനഭൂമി കൈമാറിക്കിട്ടുന്നതിനുള്ള താമസം മാത്രമാണ് ഇക്കാര്യത്തിൽ നിലവിലുള്ളത്.

(എഫ്) 2007-ഓടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി

46 [3187] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-ൽ അനുവദിച്ച കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി (കെ. ഐ. പി.) കമ്മീഷൻ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ദുർഘട പ്രവൃത്തികൾ പ്രതീക്ഷിച്ച സമയത്തിന് പൂർത്തിയാക്കാൻ സാധിക്കാതെ വന്നതുകൊണ്ടാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം നേരിട്ടത്.

(സി) ഈ പദ്ധതി 2003 മാർച്ചിൽ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ നിർമ്മിച്ച എല്ലാ കനാലുകളിലും വെള്ളം വിടാൻ കഴിഞ്ഞിട്ടില്ല. എല്ലാ കനാലുകളിലും 2004 മാർച്ചോടെ വെള്ളം നൽകി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

കല്ലട ജലസേചന പദ്ധതിയ്ക്കുവേണ്ടി വാങ്ങിയ യന്ത്ര സാമഗ്രികളുടെ ശോച്യാവസ്ഥ

47 [3188] ശ്രീ. ഇ. എം. അഗസ്തി:
„ എൻ. ശക്തൻ:
„ വർക്കല കഹാർ:
„ ടി. വി. ചന്ദ്രമോഹൻ:
„ കെ. സി. വേണുഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിക്കുവേണ്ടി വാങ്ങിയതോ, ഈ പദ്ധതിക്കായി മറ്റിടങ്ങളിൽ നിന്നും കൊണ്ടു വന്നതോ ആയ യന്ത്ര സാമഗ്രികൾ, വാഹനങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി എന്തു വിലയുള്ള ഏതെല്ലാം സാധനങ്ങൾ വാങ്ങിക്കുകയുണ്ടായി;

(സി) ഇവയിൽ ഏതെല്ലാം യന്ത്ര സാമഗ്രികൾ പദ്ധതിയുടെ തെൻമല ഓഫീസ് പരിസരത്തും മറ്റ് ഓഫീസ് പരിസരങ്ങളിലും കിടപ്പുണ്ടായിരുന്നു;

(ഡി) ഇവയിൽ നിന്ന് ഏതെല്ലാം സാധനങ്ങൾ മോഷണം പോയിട്ടുണ്ട്;

(ഇ) നിലവിൽ ഏതെല്ലാം സാധനങ്ങളുണ്ട്;

(എഫ്) ഓരോ ഓഫീസ് പരിസരത്തും സൂക്ഷിച്ചിരുന്ന സാധനങ്ങൾ നഷ്ടപ്പെട്ട് ഉപയോഗശൂന്യമാകാതെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ആർക്കായിരുന്നു;

(ജി) ശേഷിച്ച സാധനസാമഗ്രികൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly